നിലനിർത്തുന്നതിന്റെ ഭാഗമായി അസംസ്കൃത വസ്തുക്കളുടെ വില വർദ്ധിക്കുമ്പോഴും കേരള ഫീഡ്സിന്റെ ഉൽപ്പന്നങ്ങളുടെ വില ആനുപാതികമായി വർദ്ധിപ്പിക്കാറില്ല. അതിനാൽ തന്നെ വിപണിയിലെ കാലിത്തീറ്റയുടെ വില കൂടുന്നത് ഒരു പരിധി വരെ നിയന്ത്രിക്കാൻ കഴിയുന്നുണ്ട്.

വള്ളിക്കുന്ന് മണ്ഡലത്തിലെ ക്ഷീരഗ്രാമം പദ്ധതി

362(1347) ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ മൂഴുവൻ പഞ്ചായത്തുകളിലും ക്ഷീരഗ്രാമം പദ്ധതി നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ക്ഷീരവൃത്തി ഉപജീവനമായിട്ടുള്ള കർഷകർ കൂടുതലുള്ളതും ക്ഷീരവികസനത്തിന് കൂടുതൽ സാദ്ധ്യതയുള്ളതുമായ പഞ്ചായത്തുകളിലാണ് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായുള്ള സാധ്യതാ പഠനം വള്ളിക്കുന്ന് മണ്ഡലത്തിലെ പഞ്ചായത്തുകളിൽ നടത്തിയതിന് ശേഷം പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതാണ്.

(ബി) പ്രസ്തുത പദ്ധതി അനുവദിക്കുന്നതിനുള്ള മാർഗ്ഗരേഖകൾ എന്തെന്ന് വ്യക്തമാക്കാമോ?

കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും ഉപജീവനമായിട്ടുള്ള കർഷകർ കൂടുതൽ ഉള്ളതും ക്ഷീരവികസനത്തിന് കൂടുതൽ സാധ്യതയുള്ളതുമായ പഞ്ചായത്തുകളെയാണ് ക്ഷീരഗ്രാമം പദ്ധതിക്കായി തെരഞ്ഞെടുക്കുന്നത്.

ക്ഷീരമേഖലയുടെ വികസനം

363(1348) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷകർക്കായി ഏതൊക്കെ തരത്തിലുള്ള ക്ഷേമപദ്ധതി കളാണ് നടപ്പിലാക്കിവരുന്നത്; ഓരോ പദ്ധതിയുടെയും വിശദാംശം അറിയിക്കാമോ?

ക്ഷീര കർഷക ക്ഷേമനിധിയിൽ അംഗത്വവും പെൻഷന് യോഗ്യതയുമുള്ള ക്ഷീര കർഷകർക്ക് 1,600 രൂപ നിരക്കിൽ പ്രതിമാസ പെൻഷനും 550 രൂപ നിരക്കിൽ കുടുംബ പെൻഷനും നൽകിവരുന്നു. കൂടാതെ വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, വിദ്യാഭ്യാസ ധനസഹായം, മികച്ച ക്ഷീരകർഷകർക്ക് ജില്ലാതലത്തിലും സംസ്ഥാന തലത്തിലും കൃഷി അവാർഡ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തുടങ്ങിയവയും നൽകി വരുന്നു. സമഗ്ര ഇൻഷ്വറൻസ് പദ്ധതി പ്രകാരം ക്ഷീര കർഷകനും കുടുംബാംഗങ്ങൾക്കും അവർ വളർത്തുന്ന കന്നുകാലികൾക്കും ചികിത്സാ ധനസഹായം ഉൾപ്പെടെയുള്ള ഇൻഷ്വറൻസ് പരിരക്ഷ നൽകിവരുന്നു. കൂടാതെ കോവിഡ്-19 രോഗബാധിതരായ ക്ഷേമനിധി അംഗങ്ങൾക്കും നിരീക്ഷണത്തിൽ കഴിയുന്നവർക്കും ക്ഷേമനിധി മുഖാന്തരം ധനസഹായം നൽകിവരുന്നു.

(ബി) ഗ്രാമീണമേഖലയിൽ പാലിന്റെയും പാലുത്പന്നങ്ങളുടെയും ഉപയോഗവും വിപണനവും വിപുലീകരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

ക്ഷീരവികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ക്ഷീര പരിശീലന കേന്ദ്രങ്ങൾ വഴി പാലിന്റെയും പാലുല്പന്നങ്ങളുടെയും ഉപയോഗവും വിപണനവും വർദ്ധിപ്പിക്കുന്നതിനാവശ്യമായ പരിശീലനങ്ങൾ നൽകി വരുന്നു. കൂടാതെ പദ്ധതിയിനത്തിൽ ഉൾപ്പെടുത്തി ക്ഷീര സംഘങ്ങളിൽ പാലുല്പന്നങ്ങളുടെയും പാലിന്റെയും ചെറുകിട യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള ധനസഹായവും നൽകിവരുന്നു. മിൽമ മേഖലാ യൂണിയനുകൾ മുഖാന്തരം ക്ഷീര സംഘങ്ങൾ കേന്ദ്രീകരിച്ച് മിൽമ ഷോപ്പുകളിലൂടെ പാലുത്പന്നങ്ങൾ വിപണനം ചെയ്തുവരുന്നു. ഇതിനായി സബ്സിഡി നിരക്കിൽ ഫ്രീസർ, കൂളർ എന്നിവയും നൽകുന്നു.

(സി) ഇതര സംസ്ഥാനങ്ങളിൽനിന്ന് മായംകലർന്ന പാലും പാലുല്പന്നങ്ങളും സംസ്ഥാനത്ത് എത്തിച്ച് വിപണനം നടത്തുന്നത് തടയുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശങ്ങളായ മീനാക്ഷിപുരം, ആര്യങ്കാവ്, പാറശ്ശാല എന്നിവിടങ്ങളിൽ പാലും പാലുല്പന്നങ്ങളും പരിശോധിക്കുന്നതിനു വേണ്ടി സ്ഥിരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിശേഷ ദിവസങ്ങളിൽ സംസ്ഥാനത്തിന് പുറത്തുനിന്നും വരുന്ന പാലിന്റെയും പാലുല്പന്നത്തിന്റെയും ഗുണനിലവാരം പരിശോധിക്കുന്നതിനായി താൽക്കാലിക ഗുണനിയന്ത്രണ ലാബുകൾ സംസ്ഥാന അതിർത്തിയിൽ സ്ഥാപിച്ച് ഗുണനിലവാരം പരിശോധിച്ച് ഉറപ്പിക്കാറുണ്ട്. കൂടാതെ ജില്ലകളിൽ വിറ്റഴിക്കുന്ന പാക്കറ്റ് പാലിന്റെ സാമ്പിൾ ശേഖരിച്ച് അതാത് ജില്ലകളിലെ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ പരിശോധന നടത്തുന്നുണ്ട്. വിശദമായ പരിശോധന ആവശ്യമുള്ള പക്ഷം കാസർഗോഡ്, പാലക്കാട്, കോട്ടയം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന റീജിയണൽ ലാബിലേയ്ക്കും തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റേറ്റ് ഡയറി ലാബിലേയ്ക്കും സാമ്പിൾ ലഭ്യമാക്കാറുണ്ട്. ഗുണനിലവാരം ഉറപ്പാക്കുന്നതിനായുള്ള നിരന്തരമായുള്ള പരിശോധനകൾ കൂടാതെ ഓണം പോലുള്ള ആഘോഷ വേളകളിൽ പ്രത്യേക ഭക്ഷ്യസുരക്ഷാ സ്ക്വാഡ് രൂപീകരിച്ച് ചെക്ക് പോസ്റ്റുകൾ കേന്ദ്രീകരിച്ചും അല്ലാതെയും ഭക്ഷ്യ സുരക്ഷാ വകുപ്പ് പരിശോധനകൾ നടത്തിവരുന്നു. 2019 ജൂൺ മാസം മുതൽ നാളിതുവരെ ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തിയ ഇത്തരം പരിശോധനകളിൽ അന്യ സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവന്ന 559 പാൽ സാമ്പിളുകൾ ശേഖരിച്ച് ലാബ് പരിശോധനകൾ നടത്തിയിട്ടുണ്ട്. ഈ പരിശോധനകളിൽ ആരോഗ്യത്തിന് ഹാനികരമായോ, ഗുണനിലവാരമില്ലാത്തതോ ആയ പരിശോധനാ ഫലം ലഭിക്കുന്ന ബ്രാൻഡുകൾക്കെതിരെ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം അഡ്ജ്യൂഡിക്കേഷൻ/പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഡി) പാഠശാലയിൽ ആരംഭിച്ച ക്ഷീരപരിശോധനാ ചെക്ക് പോസ്റ്റിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിന് നടപടികൾ സ്വീകരി ച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

പാഠശാലയിൽ ആരംഭിച്ച ചെക്ക്പോസ്റ്റിൽ സ്ഥിരം ജീവനക്കാരെ നിയമിക്കുകയും പദ്ധതി വിഹിതത്തിൽനിന്നും ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കുകയും ചെയ്തു. 24 മണിക്കൂറും തുടർച്ചയായി പാലും പാലുല്പന്നങ്ങളും പരിശോധിക്കുന്നതിനായി തിരുവനന്തപുരം ഗുണനിയന്ത്രണ ഓഫീസറിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

പാൽ വിതരണം ഫോയിൽഡ് പേപ്പർ കവറുകളിലാക്കുന്നതിന് നടപടി

364 (1349) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാസ്റ്റിക് നിരോധനം നിലവിലുള്ളതിനാൽ സംസ്ഥാനത്തെ പാൽ വിതരണം ഫോയിൽഡ് പേപ്പർ കവറുകളിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പാൽ കവറുകൾ നിരോധിത പ്ലാസ്റ്റിക്ക് വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. അതിനാൽ ഫോയിൽഡ് പേപ്പർ കവറുകളിൽ വിതരണം നടത്തുന്നതിന് പ്രത്യേകം നിർദ്ദേശം നൽകേണ്ട സാഹചര്യം നിലവിലില്ല. വെർജിൻ ഗ്രാന്യൂൾ ഉപയോഗിച്ചുള്ള എൽ.ഡി.പി.ഇ. ഫിലിമിനോടൊപ്പം ടെടാപായ്ക്ക്, ഫ്ളെക്സി പായ്ക്ക് എന്നീ തരത്തിലുള്ള അലൂമിനിയം ഫോയിലുള്ള പേപ്പർ കവറുകളിലും മിൽമപാൽ പായ്ക്ക് ചെയ്തുവരുന്നുണ്ട്.